മുൻമുഖ്യമന്ത്രി ശ്രീ. എ. കെ. ആൻറണിയും ചില പോലീസ് ആഫീസറൻമാരും പ്രതികളായുള്ള കേസ്

650 [942] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻമുഖ്യമന്ത്രി ശ്രീ. എ. കെ. ആൻറണിയും ചില പോലീസ് ആഫീസർമാരും പ്രതികളായി തലശ്ശേരി അഡീഷണൽ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ നിലവിലുണ്ടായിരുന്ന കേസിൻെറ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് പറയുമോ;

(ബി) കേസ് അവസാനിച്ചു എങ്കിൽ എങ്ങനെയാണെന്നും വിധി ന്യായമെന്തെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) തലശ്ശേരി ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടു കോടതിയിലെ ഒരു ക്ലാർക്കായ ശ്രീ. എൻ. രഘുനാഥൻ, മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആൻറണി, കണ്ണൂർ ജില്ലാ പോലീസ് സൂപ്രണ്ട്, തലശ്ശേരി അഡീഷണൽ സബ് ഇൻസ്പെക്ടർ എന്നിവർക്കെതിരായി തലശ്ശേരി അഡീഷണൽ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ ഒരു പരാതി സമർപ്പിക്കുകയും അത് സി. എം. പി. 395/78 നമ്പരായി ഫയലിൽ സ്വീകരിക്കുകയും ചെയ്തു. ശ്രീ. എ. കെ. ആൻറണിയേയും കണ്ണൂർ ജില്ലാ പോലീസ് സൂപ്രണ്ടിനേയും പ്രതി സ്ഥാനത്തുനിന്ന് ഒഴിവാക്കിക്കൊണ്ടും തലശ്ശേരി അഡീഷണൽ സബ ഇൻസ്പെക്ടർക്ക് എതിരായി ഇന്ത്യൻശിക്ഷാ നിയമം 341-ാം വകുപ്പു പ്രകാരം സി. സി. 1120/78 നമ്പരായി കേസ് തുടർന്നു നടത്തുവാനും തലശ്ശേരി അഡീഷണൽ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് ഉത്തര വായി. ഇതിനെതിരായി പരാതിക്കാരൻ തലശ്ശേരി ജില്ലാ കോടതിയിൽ റിവിഷൻ ഹർജി സമർപ്പിക്കുകയും അത് 24.8.1978 ൽ കോടതി തള്ളിക്കള യുകയും ചെയ്തു. അഡീഷണൽ എസ്. ഐ. ക്ക് എതിരായി സി.സി. 1120/78-ാം നമ്പർ കേസിൽ 30.1.1979 ൽ ക്രിമിനൽ നടപടി നിയമം 286 (1) വകുപ്പും പ്രകാരം പ്രതിയെ വെറുതെ വിടുകയും ചെയ്തു.

വൺവേ ട്രാഫിക്കിൻെറ ഉദ്ദേശം

651 [943] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന പട്ടണങ്ങളിൽ വൺവേ ട്രാഫിക് ഏർപ്പെടുത്തിയിരിക്കുന്നതിൻെറ ഉദ്ദേശം വ്യക്തമാക്കാമോ;

(ബി) റോഡുകളിലെ സ്ഥലപരിമിതി പരിഹരിക്കാനാണെങ്കിൽ തിരുവനന്തപുരത്തു വൺവേ ട്രാഫിക്കുള്ള റോഡുകളിൽ പ്രത്യേകിച്ച് പാളയത്തേയും പാലയിലേയും വൺവേ ട്രാഫിക്കിൽകൂടി ലോഡു കയറിയ സൈക്കിളുകൾ ഉരുട്ടിക്കൊണ്ടുപോകാൻ അനുവദിക്കുന്നതിൻെറ കാരണം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly